പാമൊലിൻ ഇറക്കുമതി കേസിന്റെ വിചാരണ

309 (319) ശ്രീ. എം. എ. ബേബി :
ശ്രീ. എം. ഹംസ :
ശ്രീ. സാജു പോൾ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാമൊലിൻ ഇറക്കുമതി നടത്തിയത് സംബന്ധിച്ച കേസിന്റെ വിചാരണ ഇപ്പോൾ നടക്കുന്നുണ്ടോ ;

(ബി) കേസ് വിചാരണ ചെയ്യുന്നതിനെതിരെ കേരള ഹൈക്കോടതിയിലും വിജിലൻസ് കോടതിയിലും ഉയർത്തിയ തടസ്സവാദങ്ങൾ കോടതികൾ അംഗീകരിച്ചിട്ടുണ്ടോ ; കീഴ്ക്കോടതിയുടെ വിധി എന്തായിരുന്നു ; ഇത് ഹൈക്കോടതി അംഗീകരിച്ചിട്ടുണ്ടോ ;

(സി) പാമൊലിൻ ഇടപാടിൽ ഖജനാവിനു നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് സി & എ.ജി. കണ്ടെത്തിയത് എപ്പോഴായിരുന്നു ; പ്രസ്തുത റിപ്പോർട്ടിന്മേലുള്ള പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിഗമനങ്ങൾ എന്തെല്ലാമായിരുന്നു ;

(ഡി) കേസ് പിൻവലിക്കുവാനുള്ള സർക്കാർ നിർദ്ദേശത്തെ തുടർന്ന് പബ്ലിക് പ്രോസിക്യൂട്ടർ ഹർജി നൽകുകയുണ്ടായോ ; ഇത് അനുവദിക്കുകയുണ്ടായോ ; ഇതിനെതിരെ ഹൈക്കോടതിയിൽ റിവ്യൂ ഹർജി നൽകിയിട്ടുണ്ടോ ; ഏങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രസ്തുത കേസ് വിചാരണ ഘട്ടത്തിലാണ്.

(ബി) പിൻവലിക്കൽ ഹർജി കീഴ്ക്കോടതിയിൽ സമർപ്പിച്ചപ്പോൾ പ്രസ്തുത കേസിന്റെ ചുമതലയുള്ള പബ്ലിക് പ്രോസിക്യൂട്ടർ അല്ല പിൻവലിക്കൽ ഹർജി നൽകിയത് എന്നതിന്റെ അടിസ്ഥാനത്തിൽ ഹർജി തള്ളുകയാണുണ്ടായത്. ഇതിനെതിരെ ഹൈക്കോടതിയിൽ സമർപ്പിച്ച റിവ്യൂ ഹർജി ബഹുമാനപ്പെട്ട ഹൈക്കോടതി അംഗീകരിച്ചില്ല.

(സി) പാമൊലിൻ ഇടപാടിൽ ഖജനാവിന് നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കണ്ടെത്തിയത് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പ്രാഥമിക അന്വേഷണത്തിലാണ്. കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അന്വേഷണം നടത്തുകയും പാമൊലിൻ ഇറക്കുമതിയിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്നും വിശദമായ അന്വേഷണം നടത്തണമെന്നും ശുപാർശ ചെയ്തിരുന്നു.

830/2018

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത കേസിന്റെ ചുമതലയുള്ള പബ്ലിക് പ്രോസിക്യൂട്ടർ അല്ല പിൻവലിക്കൽ ഹർജി നൽകിയത് എന്ന കീഴ്ക്കോടതിയുടെ തീരുമാനത്തെ ചോദ്യം ചെയ്ത് ക്രിമിനൽ റിവിഷൻ ഹർജി നൽകിയിരുന്നു.

ബാർ കോഴ

310 (320) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർ വിഷയത്തിൽ ആരോപണവിധേയനായ ബഹു. എക്സൈസ് വകുപ്പുമന്ത്രിക്കെതിരെ ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ബിജു രമേശിന്റെ ആക്ഷേപത്തിന്മേൽ വിജിലൻസ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) തിരുവനന്തപുരം മജിസ്ട്രേറ്റ് കോടതിയിൽ സി.ആർ.പി.സി. 164 പ്രകാരം ബിജുനൽകിയമൊഴി വിജിലൻസ് പരിശോധിക്കുകയുണ്ടായോ ; വിജിലൻസിന് ബഹു. എക്സൈസ് വകുപ്പുമന്ത്രിയെ കറിച്ച് അന്വേഷണം ആവശ്യപ്പെട്ട് ഇതിനകം ലഭിച്ച പരാതികൾ അന്വേഷണ സംഘം പരിശോധിക്കുകയുണ്ടായോ ;

(സി) പരാതികളിൽ ക്വിക് വെരിഫിക്കേഷൻ നടത്താതെ പ്രാഥമികാന്വേഷണം മാത്രം നടത്തുകയുണ്ടായോ ; ഇതിനായി ഉത്തരവ് നൽകിയത് ഹൈക്കോടതിയുടെ പരാമർശങ്ങൾക്കിരയായ വിജിലൻസ് ഡയറക്ടർ ആയിരുന്നോ ; മുൻ ധനകാര്യ മന്ത്രിയുടെ പരാതിയിൽ ക്വിക് വെരിഫിക്കേഷന് ഉത്തരവിട്ടത് ആരായിരുന്നു ;

(ഡി) പ്രാഥമികാന്വേഷണം നടത്തിയ വിജിലൻസ് ഉദ്യോഗസ്ഥർ ആരായിരുന്നു ; അവരുടെ അധികാര പരിധിയിലായിരുന്നോ പരാതി ഉണ്ടായിരുന്നത് ; എന്തെല്ലാം പരാതികളിൽ ആരിൽ നിന്നെല്ലാം തെളിവെടുക്കുകയുണ്ടായി ;

(ഇ) വിജിലൻസ് മാന്വലിലും സുപ്രീംകോടതി നിർദ്ദേശങ്ങളിലും വ്യവസ്ഥ ചെയ്തിരുന്ന ഏത് രീതിയിലുള്ള അന്വേഷണമാണ് ബഹു.എക്സൈസ് മന്ത്രിക്കെതിരെയുണ്ടായ പരാതികളിന്മേൽ നടത്തിയത് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly